കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 13 .12.2025 മുതൽ 17.12.2025 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 50/2025, (99) വെള്ളിയാഴ്ച്ച | തീയ്യതി 12/12/2025 |
|---|---|

**അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 13.12.2025 | 14.12.2025 | 15.12.2025 | 16.12.2025 | 17.12.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 50 | 50 | 50 | 50 | 50 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 5 | 4 | 3 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 50 | 20 | 50 | 20 | 50 |
| മേഘ വ്യാപ്തി (ഒക്ടാ ) | 3 | 2 | 2 | 3 | 5 |

കാലാവസ്ഥാ അറിയിപ്പ്:- വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

**വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)**

**പൊതുനിർദേശങ്ങൾ**:-. കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ വിളകൾക്ക് ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) കതിരു വരുന്ന പരുവം | ബാക്ടീരിയൽ ഇലകരിച്ചിൽ | നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ് ചേർത്ത് തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 30 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ചു കൊടുക്കുക. |
| പാവൽ, വെണ്ട | പച്ചത്തുള്ളൻ | പാവൽ, വെണ്ട എന്നിവയിൽ പച്ചത്തുള്ളന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കാൻ തയോമെത്തോക്സാം 2 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മുളക് | ഇലപ്പേൻ | മുളകിൽ ഇലപ്പേനിന്റെ ആക്രമണം കണ്ടാൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൽഷൻ തളിക്കുക. അല്ലെങ്കിൽ 2 ഗ്രാം തയോമെതോക്സാം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക |
| വഴുതന | കായ് തുരപ്പൻ, തണ്ട് തുരപ്പൻ | വഴുതനയിൽ കായ് തുരപ്പൻ, തണ്ട് തുരപ്പൻ എന്നിവയുടെ ആക്രമണം ഉണ്ടാകാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി കേട് വന്ന തണ്ടുകൾ, കായകൾ എന്നിവ തോട്ടത്തിൽ നിന്നും നീക്കം ചെയ്യുക. ആക്രമണം രൂക്ഷമാവുകയാണെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ പത്ത് ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |

മൃഗസംരക്ഷണം-: കുളമ്പ് രോഗത്തിന്റെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. CAADECCS, KVASU, Mannuthy)